"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ ഇന്റേണുകളെ നിയമിക്കാൻ നൽകിയ അനുമതി മലപ്പുറം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്കും ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1812/2025/LSGD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1403/2025/LSGD; തീയതി 05.06.2025

2. കെഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 24.06.2025ലെ 1022/2025/KDISC/ക-154 നമ്പർ കത്ത്

**ഉത്തരവ്**

തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തയ്യാറെടുപ്പുകളോടെ തൊഴിൽമേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുകയും, വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണി പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്ന, വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന്, എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഇന്റേൺസിനെ നിയമിക്കണമെന്ന് കെഡിസ്ക് ആവശ്യപ്പെട്ടതനുസരിച്ച്, ജില്ലാ പഞ്ചായത്തുകളിൽ മൂന്ന് വീതവും, ബ്ലോക്ക് പഞ്ചായത്തുകളിൽ തങ്ങളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണമനുസരിച്ച് പരമാവധി മൂന്നും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രണ്ടും, മുനിസിപ്പാലിറ്റികളിൽ ഒന്ന് എന്ന കണക്കിലും, ഇന്റേണുകളെ പരമാവധി ഒരു വർഷത്തേക്ക് നിയമിക്കാനും, അവർക്ക് പ്രതിമാസം 15,000/- രൂപ (പതിനയ്യായിരം രൂപ) ഹോണറേറിയം പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് നൽകാനും, മലപ്പുറം ജില്ലയിൽ ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. മലപ്പുറം ജില്ലയിലെ പെരുമാറ്റച്ചട്ടം അവസാനിച്ചതിനാൽ, പരാമർശിത ഉത്തരവ് മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കണമെന്ന് കെഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി ഇന്റേണുകളെ നിയമിക്കുന്നതിനും അവർക്ക് ഹോണറേറിയം നൽകുന്നതിനും മലപ്പുറം ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു. കിലയും സെന്റർ ഫോർ മാനേജ്മെന്റ്

ഡെവലപ്‌മെന്റും (സി.എം.ഡി) ചേർന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനത്തിന് അനുയോജ്യരായ ഇന്റേണുകളെ തെരഞ്ഞെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. മലപ്പുറം ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. മലപ്പുറം ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. മെമ്പർ സെക്രട്ടറി, കെഡിസ്ക്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. ജില്ലാകളക്ടർ, മലപ്പുറം
10. ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
11. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), മലപ്പുറം
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 23-07-2025 12:06:04

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്